സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :15/12/2020
Email -
swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിനുള്ള ഓൺ ലൈൻ പരിശീലനം നൽകുന്നത് സംബന്ധിച്ച് -

സൂചന :- ഐ എം ജി ഡയറക്ടറുടെ 13/11/2020 ലെ 3202/പി2/2020/ഐ എം ജി നമ്പർ കത്ത്

പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് ന് പ്രപ്തരാക്കുന്നതിനു വേണ്ടി ഐ എം ജി പ്രത്യേക ഓൺ ലൈൻ പരിശീലനം നടത്തുവാൻ തീരുമാനിച്ചതായി സൂചനപ്രകാരം അറിയിച്ചിരിക്കുന്നു. ഓൺ ലൈൻ പരിശീലനം 2021 ജനുവരി മാസം ആദ്യവാരം ആരംഭിക്കുന്നതായാണ് അറിയിച്ചിട്ടുള്ളത്.

അടുത്ത ഡിപ്പാർട്ട്മെന്റ് ടെസ്റ്റിനു വേണ്ടി പി എസ സി യിൽ അപേക്ഷ സമർപ്പിക്കുന്ന ക്ലാസ്സ് 2, 3 വിഭാഗത്തിൽപ്പെട്ട എല്ലാ പേപ്പറുകളും എഴുതേണ്ട പട്ടിക ജാതി പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ മാത്രം നാമനിർദേശം ചെയ്യുവാൻ ആണ് ആവശ്യപ്പെട്ടിട്ടുള്ളത്. മുൻപ് പരിശീലനം ലഭിച്ചവരെയും ഏതെങ്കിലും പ്രത്യേക വിഷയങ്ങൾ എഴുതുന്നവരെയും നാമനിർദ്ദേശം ചെയ്യാൻ പാടില്ല എന്നും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താങ്കളുടെ കാര്യാലയത്തിലെ ക്ലാസ്സ് 2, 3 വിഭാഗത്തിൽ വരുന്ന അർഹരായ പട്ടിക ജാതി പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട <u>ഉദ്യോഗസ്ഥരുടെ വിവരം 15/12/2020 തീയതി 3 മണിക്ക് മുൻപായി ഇ മെയിൽ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.</u> അപേക്ഷയോടൊപ്പം മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്ട്മെന്റൽ പരീക്ഷ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാം എന്നുമുള്ള സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർ ക്കുവേണ്ടി